ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറയ്ക്കുന്നതിന് നിർദ്ദേശം

26 (*596) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എ. എം. യൂസഫ്:
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക പ്രയാസം നേരിടുന്ന ബോർഡുകൾ സ്വയം പര്യാപ്തമാക്കുന്നതിനും ശുപാർശ നൽകുന്നതിന് രൂപീകരിച്ച സമിതിയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറയ്ക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) :

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് അവ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനും സാമ്പത്തികമായി പ്രയാസം നേരിടുന്ന ബോർഡുകൾ സ്വയംപര്യാപ്തമാക്കുകയും ഏകീകരിക്കുകയും ചെയ്യുന്നതും സംബന്ധിച്ച് സർക്കാരിന് മാർഗ്ഗരേഖ സമർപ്പിക്കുന്നതിനായി 1-1-2009-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ.07/2009/തൊഴിൽ പ്രകാരം മുൻലേബർ കമ്മീഷണർ ശ്രീ. എസ്. ശ്രീനിവാസൻ ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സർക്കാരിന്റേയും ബോർഡുകളുടേയും സാമ്പത്തിക സ്ഥിതി പരിഗണിച്ചശേഷം ക്ഷേമനിധി ആനുകൂല്യങ്ങൾ അതത് ബോർഡുകളുടെ ശുപാർശ പ്രകാരം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറയ്ക്കുന്നതിനായി ഓരോ തൊഴിൽ മേഖലയ്ക്കും പ്രത്യേകം ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കുന്നതുമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് ബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് സാമ്പത്തിക പ്രയാസങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നേരിടുന്ന ബോർഡുകൾ സ്വയംപര്യാപ്തമാക്കുന്നതിനും അംഗസംഖ്യ പരിമിതമായതും സാമ്പത്തിക വിഷമതകൾ അനുഭവിക്കുന്നതുമായ ബോർഡുകൾ ഏകീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന് മാർഗ്ഗരേഖ സമർപ്പിക്കുന്നതിനുമായി 1-1-2009-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 07/2009/തൊഴിൽ പ്രകാരം മുൻലേബർ കമ്മീഷണർ ശ്രീ. എസ്. ശ്രീനിവാസൻ ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ, സമാനസ്വഭാവമുള്ള എല്ലാ ക്ഷേമനിധി ബോർഡുകളേയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ഡോ. എ. വി. ജോസ് ചെയർമാനും ഡോ. എ. കെ. ശ്രീഹരി, ജില്ലാ ലേബർ ആഫീസർ (ആസ്ഥാനം) കൺവീനറായും ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

കാർഷിക മേഖലയിൽ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് പദ്ധതി

27 (*597) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) കാർഷിക മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നവർക്ക് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ ; ഇതിനായി എന്തെങ്കിലും പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) അഗ്രി ബിസിനസ് കൺസോർഷ്യം വഴി വനിതകൾക്ക് തൊഴിൽ സാദ്ധ്യതകൾ ഉറപ്പുവരുത്തുന്നുണ്ടോയെന്ന് വിശദീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):

(എ) ഉണ്ട്.

കാർഷിക മേഖലയിൽ യുവാക്കൾക്ക് കാർഷിക യന്ത്രങ്ങളിൽ RTTC-യും എല്ലാ ജില്ലാ എഞ്ചിനീയറിംഗ് ഓഫീസുകളിലും ട്രെയിനിംഗ് നൽകിവരുന്നുണ്ട്. കൂടാതെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൻ കീഴിലുള്ള മാതൃകാ ചെറുകിട നഴ്സറികളുടെ സ്ഥാപനം, പച്ചക്കറി വിത്തുൽപ്പാദനം, പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം, ജലവിഭവ സ്രോതസ്സുകളുടെ നിർമ്മാണം, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവൽക്കരണം, കൂൺ ഉൽപ്പാദനം, തേനീച്ച വളർത്തൽ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ബയോകൺട്രോൾ ലാബുകളുടെ സ്ഥാപനം, ടിഷ്യൂകൾച്ചർ ലാബുകളുടെ സ്ഥാപനം തുടങ്ങിയ പദ്ധതികൾവഴി കാർഷിക മേഖലയിൽ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly